പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4260. 25.06.2018 ന് മറുപടിയ്ക്ക്.

## ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ

*ചോദ്യം* *ഉത്തരം*

ശ്രീ.ബി.ഡി. ദേവസ്സി : ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ചാലക്കുടി ഗവ. ഐ.ടി.ഐ. യെ അന്താരാഷ്ട്ര നിലവാരമുള്ളതാക്കി മാറ്റുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) സ്വീകരിച്ചിട്ടുണ്ട്. ചാലക്കുടി ഐ.ടി.ഐ-യെ കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) ന്റെ ധനസഹായത്തോടുകൂടി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഐ.ടി.ഐയായി മാറ്റുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് (Detailed Project Report) സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് (KASE) കിഫ്ബി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി റിപ്പോർട്ട് കിഫ്ബി അംഗീകരിക്കുന്ന മുറയ്ക്ക് മേൽ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്. |
| (ബി) പ്രസ്തുത നടപടിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി) ഐ.ടി.ഐകളിൽ നിലവിലുള്ള കെട്ടിടത്തിന്റേയും സ്ഥലത്തിന്റേയും പ്രത്യേകത അനുസരിച്ചാണ് വിശദമായ പദ്ധതി റിപ്പോർട്ട് (DPR) തയ്യാറാക്കുന്നത്. പ്രസ്തുത DPR -ൽ പറഞ്ഞിരിക്കുന്നതും ഐ.ടി.ഐയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായതുമായ നിർമ്മാണ പ്രവർത്തനങ്ങൾ അടക്കമുള്ള പ്രവർത്തികൾ ആരംഭിക്കാൻ കഴിയും. |

സെക്ഷൻ ഓഫീസർ